DOIs:10.2018/SS/202204009 --:-- Research Article

# പാരമ്പര്യത്തിൻറെ വിശ്രാന്തി'യും വിഭജനവും

**ഡോ. അനീഷ് പോള്**
അസി. പ്രൊഫസർ, ഭാരതമാതാകോളേജ്
തൃക്കാക്കര
Email - anishacst@gmail.com

**സംഗ്രഹം (Abstract) :** പ്രകൃതിയിലെ ജൈവവൈവിധ്യങ്ങൾക്ക് പരിണാമത്തിൻറെ ഭാഗമായി സ്വാഭാവിക വിഭജനങ്ങൾ സംഭവിക്കുന്നു. ഏകകോശജീവികൾ വികസിച്ചുവരുമ്പോൾ സസ്യലോകം, ജന്തുലോകം എന്നിങ്ങനെയുണ്ടാകുന്ന വിഭജനങ്ങൾ ജൈവികമാണ്. മനുഷ്യൻറെ കാര്യത്തിലും ഇത്തരം വിഭജനങ്ങൾ പ്രകൃതിതന്നെ വരുത്തിയിട്ടുണ്ട്. പ്രകൃതിയുടെ പരിണാമത്തിനു വിധേയമായി രൂപപ്പെട്ടിട്ടുള്ള വിവിധ വംശങ്ങൾക്കും വർഗ്ഗങ്ങൾക്കും മറ്റെല്ലാ സ്വത്വവൈവിധ്യങ്ങളുടെ ഭിന്നത (Singularities) കൾക്കും അതിനാൽ തുല്യപ്രാധാന്യമാണുള്ളത്. എന്നാൽ ഈ സ്വത്വവൈവിധ്യങ്ങളെ മനുഷ്യൻ മതത്തിൻറെയോ രാഷ്ട്രത്തിൻറെയോ പ്രത്യയശാസ്ത്രത്തിൻറെയോ പലതരത്തിലുള്ള അധികാരവ്യവസ്ഥകളുടെയോ പേരിൽ വിഭജിക്കുമ്പോൾ അപരനും പ്രകൃതിയുമായുണ്ടാവേണ്ട സ്വാഭാവികബന്ധം മുറിയുന്നു. പ്രബുദ്ധയുഗത്തിലൂടെയും ശാസ്ത്രയുഗത്തിലൂടെയും കടന്നുപോയിട്ടും രാജ്യങ്ങൾ കൊളോണിയൽ ചൂഷണത്തിനായി വിഭജനത്തിൻറെ നീതിശാസ്ത്രം പ്രയോഗിച്ചു. ആഫ്രിക്കപോലുള്ള രാജ്യങ്ങളിലെ സംസ്കാരത്തെയും ജനതയേയും അപരങ്ങളും അപരിഷ്കൃതരുമായി അവർ നിലനിർത്തി. വിഭജനനീതിയിലൂടെ ഇത്തരം രാജ്യങ്ങളെ പരിഷ്കരിക്കാനുള്ള കടമ തങ്ങൾക്കാണെന്ന് അവർ സ്ഥാപിച്ചെടുത്തു. അവരെ, തങ്ങളുൾപ്പെടുന്ന ജനസഞ്ചയത്തിലെ സ്വത്വങ്ങളായി കാണുവാൻ കൊളോണിയൽ നീതിക്കായില്ല. പല പ്രദേശങ്ങളിലും ഉടലെടുത്ത ബദൽ പ്രസ്ഥാനങ്ങളും സംഘടനകളും ജനസമൂഹത്തെ രൂപീകരിക്കാനും എല്ലാവർക്കും തുല്യനീതി പ്രദാനം ചെയ്യാനുമാണ് രൂപപ്പെട്ടത്. എന്നാൽ അവയുടെ പ്രത്യയശാസ്ത്രങ്ങളും മാനദണ്ഡങ്ങളും ഒരു കാലഘട്ടത്തിനുശേഷം മാറുന്നതായി കണ്ടുവരുന്നു. അതോടെ ആ പ്രസ്ഥാനങ്ങൾ അപരങ്ങളെ അപ്രസക്തമാക്കുന്നു. അവരുടെ കാഴ്ച്ചപ്പാടുകൾ മുഴുവൻ സമൂഹത്തിൻറെയും നീതിവ്യവസ്ഥയായി പ്രഖ്യാപിക്കപ്പെടുന്നു. ഇത് അംഗീകരിക്കാത്തവരെല്ലാം അപരങ്ങളും വിഭജിതരുമാണ്. ഈ പ്രത്യയശാസ്ത്രങ്ങളും അവയോട് ബന്ധപ്പെട്ട ചരിത്രപുരുഷന്മാരും 'ക്രിസ്റ്റലൈസേഷ'നു വിധേയമാവുകയും ചെയ്യുന്നു. അതോടെ വിവിധ സാംസ്കാരികരൂപങ്ങൾക്കോ സ്വത്വങ്ങൾക്കോ അനുസൃതമായി അവ പരിഷ്കരിക്കപ്പെടുന്നില്ല.

**താക്കോൽ വാക്കുകൾ •Keywords):** *വിഭജനം, നീതി, പാരമ്പര്യത്തിന്റെ വിശ്രാന്തി.*

## ആമുഖം :

രാഷ്ട്രവും പ്രസ്ഥാനങ്ങളും ശാസ്ത്രവും ദേശീയതയും സമൂഹത്തെയും വ്യക്തിയെയും വിഭജിക്കുന്നതിൻറെ പിന്നിലെ ചരിത്രപരമായ അന്വേഷണമാണ് *വിഭജനങ്ങൾ* എന്ന നോവലിൽ ആനന്ദ് നടത്തുന്നത്. പ്രകൃതി അതിൻറെ സ്വാഭാവികവിഭജനത്തിലൂടെ പരിണാമത്തെ മുന്നോട്ടു നയിക്കുമ്പോൾ മനുഷ്യൻറെ വ്യവഹാരങ്ങളും കണ്ടുപിടുത്തങ്ങളും സൃഷ്ടിക്കുന്ന വൈരുധ്യങ്ങളിലേക്കാണ് ഈ നോവലിലെ അന്വേഷണം നീളുന്നത്. മനുഷ്യൻ സമൂഹമായി രൂപപ്പെടുമ്പോൾ, അതിൽനിന്നും വിഘടിച്ചു നില്ക്കുവാനുള്ള ത്വര അവനിൽ കുടികൊള്ളുന്നുണ്ടെന്ന ഹെർബർട്ട് സ്പെൻസറിൻറെ ദർശനത്തെ ആനന്ദ് കൂട്ടുപിടിക്കുന്നു. 'പാരമ്പര്യത്തിൻറെ വിശ്രാന്തി' എന്ന് സ്പെൻസർ വിളിക്കുന്ന ഈ ഘടകം, സാംസ്കാരികമായി

വികസിക്കുന്നതിനു സമാന്തരമായി, സഞ്ചാരികളാകാൻ ഇഷ്ടപ്പെട്ട നാടോടിപൂർവ്വികരിൽനിന്നും വ്യക്തികൾക്ക് പാരമ്പര്യമായി പകർന്നു കിട്ടിയതാണ്. വിഭജനത്തിൻറെ ഈ ജൈവികാംശത്തെ പ്രകൃതിയുടെ ഭാഗമായിട്ടുതന്നെയാണ് ആനന്ദ് കണക്കാക്കുന്നത്. വിവിധ സംസ്കാരങ്ങളും പാരമ്പര്യഗോത്രങ്ങളും നാടോടിസമൂഹങ്ങളും രൂപപ്പെടുന്നതിനോ വീണ്ടും അവ വിഭജിതമാകുന്നതിനോ കാരണം ഈ ജൈവികത തന്നെയാണ്. ഏതെങ്കിലുമൊരു വിശ്വാസത്തിൻറെയോ, പാരമ്പര്യത്തിൻറെയോ, വംശീയതയുടെയോ ഒക്കെ പേരിലാവാം ഇതു സാധ്യമാകുന്നത്. എന്നാൽ, ചില വികസിതസമൂഹങ്ങൾക്കുള്ളിൽ രൂപപ്പെടുന്ന പ്രത്യയശാസ്ത്രങ്ങളോ പ്രസ്ഥാനങ്ങളോ വ്യവഹാരങ്ങളോ തങ്ങളുടെ സംസ്കാരത്തെ ശ്രേഷ്ഠമായി കാണുകയും മറ്റുള്ളവയെ കൊള്ളയടിക്കാനോ, ചൂഷണംചെയ്യാനോ ഉള്ളതായി കണക്കാക്കുകയും ചെയ്യുമ്പോൾ അവിടെ അസ്വാഭാവികമായ വിഭജനം രൂപപ്പെടുന്നു. പ്രകൃതിയുടെ സ്വാഭാവികവിഭജനത്തെ അട്ടിമറിക്കുന്ന ഇത്തരം നീതിശാസ്ത്രങ്ങളുടെ ചരിത്രമാണ് വിഭജനങ്ങളിൽ തെളിഞ്ഞുവരുന്നത്. ആഖ്യാതാവിൻറെ വഡോദരയിലെ സുഹൃത്തായ ത്യദീപ് സുഹൃദിൻറെ വീട്ടിൽവെച്ച് ആരംഭിക്കുന്ന വിഭജനങ്ങളെക്കുറിച്ചുള്ള ചർച്ച മനുഷ്യസൃഷ്ടികളായ ചില വിഭജനചരിത്രങ്ങളെയാണ് പരിചരിക്കുന്നത്.

**വിഭജനത്തിൻറെ മുദ്രകൾ :**

ത്യദീപ് സുഹൃദ്, വഡോദരയിൽ ആദിവാസികളുടെ വിശേഷിച്ച്, നാടോടി ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഒരു സ്ഥാപനം നടത്തുകയും അവരുടെ ഇടയിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്നു. സുഹൃദിൻറെ പ്രവർത്തനമണ്ഡലങ്ങളിലേക്ക് ആഖ്യാതാവ് കടന്നു ചെല്ലുമ്പോൾ കണ്ടെത്തുന്നത് അപ്രകാരം വിഭജിതമായ ചില സാംസ്കാരങ്ങളെയാണ്. സാൻസിവംശജരുടെ അവാന്തരവിഭാഗമായ ഛാരകളുടെ കോളനികളിലെത്തി അവരുടെ ചരിത്രം പരിശോധിക്കുമ്പോൾ, വിഭജനത്തിൻറെ നീതിശാസ്ത്രം വ്യക്തികളെ തകർക്കുകയോ ചില മുദ്രകൾ ചാർത്തി അവരെ പുറംതള്ളുകയോ ചെയ്യുന്നത് എങ്ങനെയെന്ന് ആഖ്യാതാവ് തിരിച്ചറിയുന്നുണ്ട്. ഛാരകളുടെ ഇടയിലെ അഭ്യസ്തവിദ്യനായ കാംജിലാൽ അവരുടെ ഒറ്റപ്പെടലിനെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ് "സംസ്കാരം ഉണ്ടായത് ആദിമമനുഷ്യൻ നാടോടിത്തം കൈവെടിഞ്ഞനാൾതൊട്ടാണ് എന്നാണ് വിശ്വാസം. എന്നാൽ സംസ്കാരത്തിൻറെ ചരിത്രത്തിൻറെ കൂടെ, അതിന് സമാന്തരമായി അവരുടെയും ചരിത്രം നിലനില്ക്കുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് ലോകം കടക്കുമ്പോൾ, ഏറ്റവുമധികം വേട്ടയാടപ്പെട്ടവരും, മുദ്രകുത്തപ്പെട്ടവരും, പീഡിപ്പിക്കപ്പെട്ടവരും, കത്തിച്ചും ഗ്യാസ് അടിച്ചും കൊല്ലപ്പെട്ടവരും ആയ ജിപ്സികൾ വീണ്ടും അവശേഷിക്കുന്നു. കൊടുങ്കാറ്റുകളായി വന്ന ബുദ്ധൻറെയും ക്രിസ്തുവിൻറെയും മുഹമ്മദിൻറെയും മതങ്ങളും ഫാസിസവും കമ്മ്യൂണിസവും പോസ്റ്റ് കമ്മ്യൂണിസവും ഒക്കെ വീശിയടിച്ച് കടന്നുപോയതിനുശേഷവും വേരുകളില്ലാതെ ഭൂതവും ഭാവികളുമില്ലാത്ത അഴുക്കിലും ചെളിയിലും കുറ്റകൃത്യങ്ങളിലും മുങ്ങിപ്പൊങ്ങി" (ആനന്ദ് 2010:14-15). ഇവരെ സംരക്ഷിക്കാൻ ഒരു നീതിവ്യവസ്ഥകൾക്കുമായില്ല.

വിഭജനത്തിൻറെ നീതിശാസ്ത്രം ഒറ്റപ്പെടുത്തിയവരെ കൊളോണിയൽ നിയമസംവിധാനത്തിനും രക്ഷിക്കാനായില്ല എന്നാണ് കാംജിലാൽ പറയുന്നത്. അവരെ ഒന്നുകൂടി അമർച്ച ചെയ്യാനാണ് കൊളോണിയൽ ഭരണകൂടം ശ്രമിച്ചത്. ഇവരുടെ പാരമ്പര്യത്തിൽ കളവ് എന്ന കുറ്റകൃത്യം ഒളിഞ്ഞുകിടക്കുന്നുവെന്നായിരുന്നു ബ്രിട്ടീഷുകാരുടെ ആരോപണം. ബ്രിട്ടീഷുകാർ അവരെ കുറ്റവാളിഗോത്രം എന്ന് മുദ്രയടിച്ചു. ഛാരകളുടെ സംസ്കാരത്തെക്കുറിച്ച് ശരിയായി പഠിക്കാനോ അവരെ ഉൾക്കൊള്ളാനോ ആരുംതയ്യാറായില്ല. ഇവർക്ക് കുറ്റവാളികൾക്ക് കൊടുക്കുന്നതുപോലെയുള്ള ശിക്ഷണം നല്കാനാണ് കൊളോണിയൽ ഭരണാധികാരികൾ ശ്രമിച്ചത്. യുക്തിയുടെ യാതൊരു പിൻബലവുമില്ലാതെ നരോഡ എന്ന സ്ഥലത്ത് ജയിലിനു തുല്യമായ ക്യാമ്പിൽ അവരെ അടച്ചുപൂട്ടി വർഷങ്ങളോളം പാർപ്പിച്ചു. 1952മുതൽ കുറ്റവാളി ഗോത്രവംശത്തിൻറെ പേരിൽ ചാർത്തപ്പെട്ട വിഭജനത്തിൽനിന്നും ഇന്ത്യാഗവൺമെൻറ് അവരെ മോചിപ്പിച്ചു. അർജുൻ ലാലയെപ്പോലുള്ള മനുഷ്യരുടെ ദയയിൽ അവർ വിദ്യാഭ്യാസപരമായും മറ്റും വളർന്നുവെങ്കിലും പരിഷ്കൃതജനസമൂഹം അവരെ വീണ്ടും വിഭജിച്ചുനിർത്താനാണ് ശ്രമിക്കുന്നത്. പാരമ്പര്യമായി അവർക്കു വന്നുചേർന്ന കുറ്റവാളി ഗോത്രം എന്ന അപകീർത്തി അവർക്ക്

അവസരങ്ങൾ നിഷേധിക്കപ്പെടുന്നതിനു മുഖ്യകാരണമായിത്തീരുന്നു. ജീവിക്കാനായി അവർ കണ്ടെത്തിയ മദ്യോല്പാദനം അവരെ വീണ്ടും കുറ്റവാളികളാക്കി മാറ്റുന്നു.

നാടോടികളുടെ മേലുള്ള നാഗരികസംസ്കാരങ്ങളുടെ വേട്ടയാടലിൻറെ ചരിത്രം പ്രാചീനകാലഘട്ടം മുതൽ നടക്കുന്ന പ്രതിഭാസമായിട്ടാണ് കാംജിലാൽ ആഖ്യാതാവിനോട് പറയുന്നത്. യൂറോപ്യൻ നാടുകളിൽ നീഗ്രോകളെ അടിമകളാക്കി ഉപയോഗപ്പെടുത്തുന്നതിനുമുമ്പ്, അടിമക്കച്ചവടത്തിലെ ചരക്കുകൾ ജിപ്സികളായിരുന്നു. ഭാരതത്തിലും ഈയൊരു പാരമ്പര്യം നിലനിന്നിരുന്നുവെന്നതിൻറെ തെളിവാണ് മഹാഭാരതത്തിൽ, മാന്ധാതാവ് എന്ന രാജാവ് കളവും കൊള്ളയും തൊഴിലാക്കിയ കിരാതന്മാരെയും ശബരന്മാരെയും ബര്‍ബരന്മാരെയും ആന്ധ്രകരെയും പൗണ്ഡ്രകരെയും അമർച്ചചെയ്യാൻ ഇന്ദ്രനോട് സഹായം തേടുന്നത്. ഈ ഗോത്രവർഗ്ഗങ്ങളിൽ പലതിനും കൊടുത്തിട്ടുള്ള കളവുകാരെന്ന മുദ്ര നാളുകൾ കഴിഞ്ഞിട്ടും അവരെ വിഭജനത്തിൻറെ ചരിത്രത്തിൽ നിന്നും മോചനമില്ലാത്തവരാക്കുന്നു. എന്നാൽ നാഗരികസംസ്കാരത്തിൽ കൊലപാതകങ്ങൾ പോലുള്ള വലിയ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ ഇത്തരം മുദ്രകൾ ചാർത്തി മാറ്റിനിർത്തുന്നുമില്ല. വിഭജനത്തിൻറെ രാഷ്ട്രീയത്തിലെ ഈ വൈരുദ്ധ്യത്തെ ആധുനികനിയമങ്ങൾ നീതിപൂർവ്വം പരിചരിക്കുന്നില്ല എന്നതാണ് ആനന്ദിൻറെ വിലയിരുത്തൽ്

സംസ്കാരത്തിനു പുറത്താക്കപ്പെടുകയും പിന്നീട് രാഷ്ട്രീയകക്ഷികളോ ജാതിവ്യവസ്ഥകളോ ഒന്നും തുണയാകാതെ പോയ റാവ്വ ആദിവാസികളും രാജസ്ഥാനിൽനിന്നും എത്തിയ ബൻജാരകളും സിന്ധികളും പാഴ്സികളും മറ്റ് പല സമൂഹങ്ങളും വിഭജനത്തിൻറെ നീതിശാസ്ത്രത്തിലൂടെ പുറത്താക്കപ്പെടുന്നതിൻറെ ചരിത്രം ഈ നോവലിൽ തെളിഞ്ഞുവരുന്നുണ്ട്. അവരിൽ ചിലർക്കൊക്കെ ഭരണഘടനാപരമായ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും വംശത്തിൻറെയോ വർഗ്ഗത്തിൻറെയൊ ഒക്കെ പേരിൽ സമൂഹം അവരെ പുറംതള്ളപ്പെട്ടവരോ അധകൃതരോ ആയി പരിഗണിക്കുന്നു.

**കൊളോണിയൽ ചൂഷണത്തിൻറെ നീതിശാസ്ത്രം :**

വിഭജനത്തിൻറെ പ്രത്യയശാസ്ത്രം ഇതര രാജ്യങ്ങളെ കൊള്ളയടിക്കാനുള്ള നീതിശാസ്ത്രമാക്കിയ യൂറോപ്യൻശക്തികളുടെ യുക്തിയെയാണ് കോങ്കോയു ടെയും മറ്റ് ചില രാജ്യങ്ങളുടെയും ചരിത്രം പരിശോധിക്കുന്നതിലൂടെ ആനന്ദ് വിമർശനവിധേയമാക്കുന്നത്. മതനവീകരണവും പ്രബുദ്ധയുഗവും ശാസ്ത്രയുഗവുമെല്ലാം ശക്തമായി വേരുപിടിച്ച യൂറോപ്യൻ രാജ്യങ്ങൾ, സ്വന്തം രാജ്യത്തിനുള്ളിൽ ആധുനികതയുടെ മൂല്യങ്ങൾ പാലിക്കുകയും മറ്റുള്ളവയെ കൊളോണിയൽ ചൂഷണത്തിനുള്ള വിഭജിതപ്രദേശങ്ങളായി കാണുകയും ചെയ്തു. ഈ വൈരുദ്ധ്യമാണ് ഇത്തരം രാജ്യങ്ങളിലെ ചില ചരിത്രസംഭവങ്ങൾ വിലയിരുത്തുന്നതിലൂടെ ജയ്സിഷൻ പുറത്തുകൊണ്ടുവരുന്നത്.

മറ്റൊരു രാജ്യത്ത് രൂപപ്പെട്ട പാരമ്പര്യങ്ങളെയും സദാചാരങ്ങളെയും നിയമവ്യവസ്ഥകളെയും വംശീയതയെത്തന്നെയും ഇരുണ്ടതും വികാസമില്ലാത്തതുമായി കണ്ട് വിഭജിക്കുന്നതിൻറെ നീതിശാസ്ത്രമാണ് അവർ കൈക്കൊണ്ടത്. കൊങ്കോയുടെ ചരിത്രം ഇതു തെളിയിക്കുന്നുവെന്ന് ജയ്സിഷൻപറയുന്നു. "പത്തൊമ്പതാം നൂറ്റാണ്ടിൻറെ പകുതിയായപ്പോഴേക്കും കോങ്കോ നദിയൊഴുകുന്ന ആഫ്രിക്കയുടെ ഈ ഹൃദയത്തെ ലോകത്തിൻറെതന്നെ ഇരുട്ടിൻറെ ഹൃദയമായി വിവരിക്കുവാൻ തുടങ്ങി യൂറോപ്യൻ സാഹസികരുടെയും കോളോണിയലിസ്റ്റുകളുടെയും ഭാവന" (2010:34). ദേശരാഷ്ട്രങ്ങൾ ഭാഷകളുടെയോ സംസ്കാരത്തിൻറെയോ മറ്റേതെങ്കിലും ആദർശത്തിൻറെയോ പേരിൽ രൂപപ്പെട്ടതുപോലെ, ആഫ്രിക്കയുടെയോ ഏഷ്യയുടെയോ സംസ്കാരങ്ങൾ വിശ്വാസത്തിൻറെയോ സദാചരത്തിൻറെയോ മറ്റേതെങ്കിലും പാരമ്പര്യത്തിൻറെയോ പേരിൽ രൂപപ്പെട്ടതായി കാണാതെ ചൂഷണത്തിനും കൊള്ളയടിക്കുന്നതിനുമായി അപരങ്ങളായി നിലനിർത്തുകയായിരുന്നു. 'ആഫ്രിക്കയെ കണ്ടെത്തുവാനും അതിനെ സിവിലൈസ് ചെയ്യുവാനും' എന്ന ആശയത്തിൻറെ മറവിൽ വ്യവസായത്തിനും ശാസ്ത്രത്തിനും മതത്തിനും കൊള്ളയടിക്കാനുള്ള വിഭജിതദേശമായി കോങ്കോയെ മാറ്റിയെടുത്തു. "1890 മുതൽ 1900വരെയുള്ള കാലത്ത് കൊല്ലത്തിൽ അഞ്ചുലക്ഷം പേരെന്ന കണക്കിന്, കോങ്കോ പ്രദേശത്തെ കറുത്തവരായ അടിമപ്പണിക്കാർ മലമ്പനിക്കും,

വസൂരിക്കും, ബെറിബെറിക്കും, മഞ്ഞപ്പിത്തത്തിനും, വിശപ്പിനും, പുറത്തുകയറ്റിയ ഭാരത്തിനും ഇരകളായി മരിച്ചുപോയി. അവിടെ ആളുകളില്ലാതായപ്പോൾ കമ്പനികൾ ആഫ്രിക്കയുടെ മറ്റിടങ്ങളിൽനിന്ന് പണിക്കാരെ ഇറക്കുമതി ചെയ്തു" (2010:34-35). അത്രയ്ക്കും ക്രൂരമായിരുന്നു കൊളോണിയൽ ചൂഷണം. ആഫ്രിക്കയെ ഭൂമിശാസ്ത്രപരമായ ഇരുട്ടിൽ തള്ളുന്നതിനേക്കാൾ ഭയാനകമായിരുന്നു യൂറോപ്യർ അവരുടെ മനസ്സിൽ വഹിച്ച ക്രൂരതയുടേയും ചൂഷണത്തിൻറെയും ഇരുട്ട് എന്നാണ് ആനന്ദ് നിരീക്ഷിക്കുന്നത്.

കോങ്കോയ്ക്കുവേണ്ടിയുള്ള എല്ലാ ശബ്ദങ്ങളേയും കൊളോണിയൽ നീതി നിശ്ശബ്ദമാക്കി. ജോസഫ് കോൺറാഡും ബ്രിട്ടീഷുകാരനായ റോജർ കേസ്മെൻറും തൂക്കിലേറ്റപ്പെട്ടതും ഐക്യരാഷ്ട്രസഭയിൽ കോങ്കോയ്ക്കുവേണ്ടി ശബ്ദമുയർത്തിയ ക്രൂഷ്ചേവിൻറെ സ്വരത്തെ മാനിക്കാത്തതും എല്ലാം വിഭജനനീതിശാസ്ത്രത്തെ ലോകരാഷ്ട്രങ്ങൾ പലതും അംഗീകരിക്കാൻ തുടങ്ങിയെന്നതിൻറെ സൂചനയാണ്. മാത്രമല്ല സോവിയറ്റ് യൂണിയൻ വിഭജിതനീതിശാസ്ത്രത്തിനെതിരെ ശബ്ദമുയർത്തിയപ്പോൾ കോങ്കോയെയും അതിൻറെ ആരാധ്യപുരുഷനായ ലുമുംബയെയും കമ്മ്യൂണിസ്റ്റായി ചിത്രീകരിച്ച് വിഭജനത്തിൻറെ കൊളോണിയൽ നീതിശാസ്ത്രം ഉറപ്പിക്കുകയും ചെയ്തു.

കൊളോണിയലും ഇതരങ്ങളുമെന്നതിനേക്കാൾ ഒരു ദേശത്തെത്തന്നെ രണ്ടായി വിഭജിച്ചുഭരിക്കുന്ന നീതിശാസ്ത്രമാണ് പിന്നീട് കോങ്കോയുടെ ചരിത്രത്തെ ഏറ്റവും കളങ്കിതമാക്കിയതെന്ന് ജയ്ശ്രീ മിശ്രയൻ വിവരിക്കുന്നു. നീണ്ടനാളത്തെ ചൂഷണത്തിനും പട്ടിണിമരണങ്ങൾക്കും കൊലപാതകങ്ങൾക്കും ശേഷം കോങ്കോ സ്വാതന്ത്ര്യയായപ്പോൾ അതിൻറെ മേലുള്ള മുതലാളിത്തതാല്പര്യങ്ങൾക്ക് അന്ത്യം കുറിക്കപ്പെട്ടിരുന്നില്ല. കോങ്കോയുടെ ആരാധ്യപുരുഷനും പ്രധാനമന്ത്രിയുമായിരുന്ന പാട്രിക്ക് ലുമുംബയുടെ ഭരണത്തെ അട്ടിമറിക്കുകയും പിന്നിട് അദ്ദേഹത്തെ അമേരിക്കയെന്ന ലോകപോലീസിൻറെ സഹായത്തോടെ സ്വന്തം വംശജരെക്കൊണ്ടുതന്നെ കൊലപ്പെടുത്തുകയും ചെയ്തു. കോങ്കോകളുടെ ഭാഗമായ കടാംഗെയുടെ നേതാവായി ലുമുംബയുടെ എതിരാളിയായ ചോംബെയെ തെരഞ്ഞെടുത്തും കോങ്കോയുടെ ഭരണം വിശ്വസ്തസൈനിക ഓഫീസറായ കേണൽ മൊബുതുവിനെക്കൊണ്ട് പിടിച്ചടക്കിയും രാജ്യം രാജ്യത്തിനെതിരെ വിഭജനം തീർക്കുന്നതിൻറെ നീതിശാസ്ത്രം കൊളോണിയലിസം പ്രായോഗികമാക്കി. ഐക്യരാഷ്ട്രസഭ പാശ്ചാത്യശക്തികളുടെ മുതലാളിത്തതാല്പര്യങ്ങളെ മാനിച്ച് മൊബുതുവിൻറെ കോങ്കോയ്ക്കും ചോംബെയുടെ കടാംഗയ്ക്കും അംഗീകാരം കൊടുത്തപ്പോൾ ഒരു ജനതയുടെ സംസ്കാരികപാരമ്പര്യങ്ങളെ വിഭജിക്കുന്നതിൽ കൊളോണിയൽ നീതിശാസ്ത്രം വിജയിച്ചതെങ്ങനെയെന്ന് ലോകം തിരിച്ചറിഞ്ഞു.

വികസ്വരരാജ്യങ്ങളിലെ ഐക്യത്തെ തകർത്തും പരസ്പരം ഏറ്റുമുട്ടുന്ന സമൂഹങ്ങളെ സൃഷ്ടിച്ചും അവരുടെ ഊർജ്ജം മുഴുവൻ കൊള്ളയടിക്കുന്ന കൊളോണിയൽ നീതിശാസ്ത്രം ഇങ്ങനെ തകർത്തത് നിരവധി സംസ്കാരങ്ങളെയാണ്." കറുത്തവനും കറുത്തവനും ഒത്തുതീർപ്പില്ലാത്തവിധം വിഭജിക്കപ്പെട്ട് കിടക്കുന്ന ആഫ്രിക്കയുടെ ഹൃദയഭാഗത്ത് ഗോത്രങ്ങളും ഗോത്രങ്ങളും തമ്മിലും, വാർലോഡും വാർലോഡുകളും തമ്മിലും നടക്കുന്ന യുദ്ധങ്ങളിൽ ഗ്രാമങ്ങൾ തന്നെ അപ്രത്യക്ഷമാകുന്നു. വരൾച്ചയും ക്ഷാമവും മാത്രം ബാക്കിയാക്കി, കലാപങ്ങൾ പഴയകാലത്തെ പ്ലേഗും വസൂരിയും പോലെ, ഒരിടത്തുനിന്ന് വെറൊരിടത്തേക്ക് മുന്നേറുന്നു" (2010:38). മറ്റുള്ള സംസ്കാരങ്ങളെ അപരങ്ങളായി കണ്ട് വിഭജിക്കുക മാത്രമല്ല, വിഭജിച്ചു ഭരിക്കുക എന്ന പ്രത്യയശാസ്ത്രം കൂടി ഈ രാജ്യങ്ങൾക്കുള്ളിൽ കൊളോണിയൽ ഭരണങ്ങൾ നടപ്പിലാക്കി.

കോങ്കോയെ വിഭജിച്ചു കീഴടക്കിയതുപോലെ ചൈനയെ നിയന്ത്രിക്കുവാൻ യൂറോപ്യൻ രാജ്യങ്ങളും ബ്രിട്ടനും ഫ്രാൻസും ശ്രമിച്ചുവെങ്കിലും ഒരു പരിധിക്കപ്പുറം അവർക്കു വിജയിക്കുവാൻ സാധിച്ചില്ല. ഹാൻരാജവംശത്തെത്തുടർന്ന് അധികാരത്തിലേറിയ മഞ്ചുരാജവംശത്തിൻറെ ഉയർച്ചയും നേട്ടങ്ങളും വിപണിയിലെ കുതിച്ചുകയറ്റവും കോളോണിയൽ ശക്തികളെ ഭീതിപ്പെടുത്തി. ചൈനയുടെ വ്യാപാരനയങ്ങൾ തങ്ങളുടെ കൊളോണിയൽ ചൂഷണത്തിന് ഉതകുന്നതല്ലെന്നു കണ്ടപ്പോൾ കറുപ്പുവ്യാപാരത്തിലൂടെ അവരുടെ വിപണിയെ തിരിച്ചുപിടിക്കാനാണ് അവർ ശ്രമിച്ചത്. ഹോങ്കോങ്ങും ഷാങ്ഹായിയുടെ ചില പ്രദേശങ്ങളും

മാത്രമേ മഞ്ചുഭരണകാലഘട്ടത്തിൽ കൊളോണിയൽ ശക്തികൾക്കു കീഴടക്കാൻ സാധിച്ചിരുന്നുള്ളു. കാലക്രമത്തിൽ തെയ്പിങിൽ ഉടലെടുത്ത കലാപം മഞ്ചുഭരണാധികാരികളെ അശക്തരാക്കി. ഈ കാലയളവിലാണ് തെക്കൻ പ്രവശ്യയിൽ ശക്തിപ്രാപിച്ച ഹുങ് സിയു ചുവാൻ ഭൂമിയിലെ സ്വർഗ്ഗീയരാജാവായി സ്വയം പ്രഖ്യാപിച്ചത്. ചുവാൻ സ്വതന്ത്രവ്യാപാരത്തിനുള്ള വാതിലുകൾ തുറന്നുകൊടുത്തതിനാൽ കൊളോണിയൽ ശക്തികൾക്ക് നിർബാധം ചൈനയിൽ സഞ്ചരിക്കാൻ സാധിച്ചു. എന്നാൽ കറുപ്പും ചൂതാട്ടവും മറ്റും നിരസിച്ചുകൊണ്ട് ഒരു പാശ്ചാത്യ ചൈനയെ സൃഷ്ടിക്കാൻ ഹുങ്ചുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഏറെ താമസിയാതെ മഞ്ചുരാജാക്കൻമാരെപ്പോലെ സ്വർഗ്ഗീയരാജാവും ജനങ്ങളെ കൊള്ളയടിക്കാൻ തുടങ്ങി.

ചൈനയുടെ വടക്കൻ പ്രവിശ്യയായ പെക്കിങ്ങിനെ കീഴടക്കാൻ ശത്രുക്കളായ ബ്രിട്ടനും ഫ്രാൻസും ഒത്തുചേരുകയും അവിടെയുണ്ടായിരുന്ന കൊട്ടാരങ്ങളും തെരുവുകളും ക്ഷേത്രങ്ങളും തീയിട്ടു നശിപ്പിക്കുകയും ചെയ്തു. 1850 നുശേഷം ചൈനയിൽ ആരംഭിച്ച തെയ്പിങ് കലാപവും വടക്കൻ പ്രവിശ്യയിൽ കൊളോണിയൽ ശക്തികളുടെ നരവേട്ടയും മഞ്ചു ചക്രവർത്തിമാരുടെ തിരിച്ചുവരവും ചൈനയിലെ അറുന്നൂറുനഗരങ്ങളുടെ നാശത്തിനും രണ്ടുകോടി മനുഷ്യരുടെ മരണത്തിനും കാരണമായി. ചൈനയെ കൊള്ളയടിക്കാനുള്ള വൈദേശിക ശക്തികളുടെ വിഭജനനീതിശാസ്ത്രം പൂർണ്ണമായും വിജയിച്ചില്ലെങ്കിലും കുറഞ്ഞ കാലയളവിനുള്ളിൽ അത് അനേകരെ കുരുതികഴിച്ചു.

അതിപ്രാചീനമായിത്തന്നെ ഇന്ത്യയും ചൈനയും തമ്മിൽ സാംസ്കാരികവും സാമ്പത്തികവുമായി നിലനിന്നിരുന്ന ബന്ധത്തെ കൊളോണിയൽ ഭരണം ഛിന്നഭിന്നമാക്കിയതിൻറെ ബാക്കിപാത്രമാണ്, 1962ലെ ചൈന-ഇന്ത്യ യുദ്ധം. കൊളോണിയൽ ഭരണത്തിൻറെ അനന്തരഫലമായിട്ടാണ് അരുണാചൽ പ്രദേശിലെ മക്മോഹൻരേഖയും പടിഞ്ഞാറൻ കാശ്മീരിലെ അക്സാചിൻരേഖയും സംഘർഷത്തിൻറെ മേഖലയായി പിന്നിട് ഉയർന്നുവന്നത്. 19-ാം നൂറ്റാണ്ടിൻറെ അന്ത്യദശകങ്ങളിൽ, റഷ്യയുടെ ടിബറ്റൻ ബന്ധത്തെ തകർത്തില്ലെങ്കിൽ തങ്ങളുടെ ഇന്ത്യൻബന്ധത്തിനു ഭീഷണിയാകുമെന്ന് ബ്രിട്ടൻ കരുതി. ടിബറ്റിനെ ചൈനയ്ക്ക് തീറെഴുതിക്കൊടുത്തുകൊണ്ട് ടിബറ്റിലൂടെ സാധ്യമായിരുന്ന റഷ്യയുടെ ഇന്ത്യാപ്രവേശത്തെ ബ്രിട്ടൻ തടസ്സപ്പെടുത്തി. ഈ വിഭജനതന്ത്രം ടിബറ്റൻ സംസ്കാരത്തെത്തന്നെ തകർത്തുകളഞ്ഞു.

ഏറ്റവും കൂടുതൽ വർഷം കൊളോണിയൽ ഭരണത്തിനിരയായ ഗോവയെ തങ്ങളുടെ നിയന്ത്രണത്തിൻറെ കീഴിലാക്കാനുള്ള പോർച്ചുഗീസ് ഗവൺമെൻറിൻറെ നയം നിശബ്ദമാക്കിയത് ഒട്ടനവധി നിരപരാധികളെയാണ്. പോണ്ടിച്ചേരിയിൽ ഇന്ത്യൻ പതാക പാറുന്നതിനു മുമ്പ് പോർച്ചുഗീസ് അധികാരി ഗോവയ്ക്കുമേൽ തങ്ങൾക്കു കുത്തകാവകാശമുണ്ടെന്ന് സ്ഥാപിക്കാൻ ശ്രമിച്ചു. "പോണ്ടിച്ചേരിയുടെ കൈമാറ്റം അവസാനഘട്ടത്തിലിരിക്കെ പോർച്ചുഗീസ് ഏകാധിപതി അൻറോണിയോ ഡി ഒലിവെയിറിയ സലാസർ ദേശീയ റേഡിയോയിൽ അവകാശപ്പെട്ടത് ഇന്ത്യൻ കോളനികൾ ചരിത്രത്തിൻറെ ദശാസന്ധിയാലും നിയമബലത്താലും പോർച്ചുഗീസ് രാഷ്ട്രത്തിൻറെതാണ് എന്നായിരുന്നു. ഗോവ എന്നാൽ ഇന്ത്യയുടെ പോർച്ചുഗീസ് സമൂഹം എന്നാണ്. അദ്ദേഹം ശഠിച്ചു. ഗോവ പൗരസ്ത്യദേശത്തെ പാശ്ചാത്യദീപമാണ്" (രാമചന്ദ്ര ഗുഹ 2018:239) ഗോവയുടെ മണ്ണിൽനിന്നും നല്ലപക്ഷം ആളുകളെ അഭയാർത്ഥികളാക്കുകയും നീണ്ടകാലം അവിടെയുള്ള തദ്ദേശീയരെ ചൂഷിതരാക്കുകയും ചെയ്ത അവർ ഇന്ത്യയിൽനിന്നും വേർപെട്ടു നില്ക്കുന്ന ഒരു ഗോവയാണ് സ്വപ്നം കണ്ടത്. നെഹ്റു തൻറെ നയപരതയിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചു. എന്നാൽ വിഭജിതനീതിശാസ്ത്രത്തെ അനുകൂലിക്കുന്ന അമേരിക്കൻ ഭരണകൂടവും മറ്റ് പലരാജ്യങ്ങളും പോർച്ചുഗീസുകാർക്ക് അനുകൂലമായി നിലകൊണ്ടു. കൊളോണിയൽ ഭരണം നടത്തിയ ചൂഷണത്തിനു പുറമെ ഗോവയെ വിഭജിച്ചു നിർത്തുന്നതിനുവേണ്ടി നടത്തിയ സമരങ്ങൾ തദ്ദേശീയരുടെയും ഗോവയ്ക്കു പുറത്ത് താമസിക്കുന്ന വളരെയധികം അഭയാർത്ഥികളുടെയും മരണത്തിലാണ് കലാശിച്ചത്.

**പ്രസ്ഥാനങ്ങളും പ്രത്യയശാസ്ത്രങ്ങളും നീതിയും :**

അവകാശങ്ങൾക്കും സാമൂഹികനീതിക്കും വേണ്ടി ആരംഭിക്കുന്ന സംഘടനകളും പ്രസ്ഥാനങ്ങളും കാലക്രമത്തിൽ ആ ലക്ഷ്യത്തിൽനിന്നു മാറി 'റെജിമെൻറേഷ'നും 'ക്രിസ്റ്റലൈസേഷ'നും വിധേയമാകുന്നുന്നത് ആനന്ദിൻറെ പ്രധാന ദർശനങ്ങളിലൊന്നാണ്. ജൈവമനുഷ്യനിൽ

**Shikshan Sanshodhan : Journal of Arts, Humanities and Social Sciences** ISSN: 2581-6241
Monthly, Peer-Reviewed, Refereed, Indexed Journal Impact Factor: 5.146
Volume - 5, Issue - 4, APRIL - 2022 Publication Date: 30/04/2022

പ്രസ്ഥാനങ്ങളുടെ വഴിതെറ്റലിനെക്കുറിച്ചുള്ള പഠനങ്ങൾ ചരിത്രപരമായ തെളിവുകളോടെ ആനന്ദ് നിരത്തുന്നുണ്ട്. മിലിട്ടറിസത്തിൻറെയും മതാന്ധതയുടെയും തലങ്ങളിലേക്കു നീങ്ങുന്ന പല പ്രസ്ഥാനങ്ങൾക്കും ചിന്താനഷ്ടം സംഭവിച്ച് ഏകപക്ഷീയമായിത്തീരുന്നതിനെ ആനന്ദ് വിഭജനങ്ങളിൽ വിമർശിക്കുന്നുണ്ട്. പ്രസ്ഥാനങ്ങൾക്കു കൈവരുന്ന ഏകപക്ഷീയത മറ്റുള്ളതിനെയെല്ലാം വിഭജനത്തിൻറെ കണ്ണുകളോടെ വീക്ഷിക്കുന്നതിനെക്കുറിച്ചാണ് ജയ്ശിഷൻറെ വിമർശനം.

പ്രസ്ഥാനങ്ങൾ അതിൻറെ ചരിത്രപുരുഷന്മാരെ സ്ഥലകാലബന്ധങ്ങളിൽ നിന്നും വിമുക്തമാക്കി എല്ലാവരുടെയും സമ്പത്തായി കണ്ട് സാംസ്കാരികഭേദങ്ങളനുസരിച്ച് പരിണമിക്കാൻ അനുവദിക്കുമ്പോഴാണ് അതിൻറെ ഏകപക്ഷീയത (exclusiveness) യിൽനിന്നു പുറത്തുകടക്കുന്നത്. പ്രസ്ഥാനങ്ങൾക്ക് താല്പര്യമുള്ളവയെ ചരിത്രമായി ഘോഷിക്കുകയും അല്ലാത്തവയെ കുഴിച്ചുമൂടുകയും ചെയ്യുമ്പോൾ അവയുടെ ഏകപക്ഷീയവീക്ഷണത്തിൽനിന്നും വിഭജനത്തിൻറെ ചിന്ത ഉടലെടുക്കുന്നു. മുഴുവൻ സമൂഹത്തെയും ഈ കേവലവീക്ഷണത്തിൽ അളക്കുവാൻ ശ്രമിക്കുമ്പോഴാണ് അവയെല്ലാം പ്രസ്ഥാനത്തിനു പുറത്തുള്ളതായി മാറുന്നത്. പ്രസ്ഥാനത്തിൻറെ ഏകപക്ഷീയദർശനമാണ് സോവിയറ്റ് റഷ്യയിൽ കമ്മ്യൂണിസത്തിൻറെ രൂപമാറ്റത്തിനും കംബോഡിയായുടെ ചരിത്രത്തിലെ മനുഷ്യക്കുരുതിക്കും കാരണമായതെന്ന് വിഭജനത്തിൻറെ നീതിശാസ്ത്രത്തെ വിമർശിച്ച് ആനന്ദ് വിലയിരുത്തുന്നു.

മറ്റ് പ്രത്യയശാസ്ത്രങ്ങളിലും മതങ്ങളിലും സംഭവിച്ച ക്രിസ്റ്റലൈസേഷൻറെയും റെജിമെൻറേഷൻറെയും തന്ത്രം കമ്മ്യൂണിസവും ഏറ്റെടുത്തപ്പോൾ അത് ചരിത്രപരതയിൽനിന്നു തെന്നിമാറുകയും ആധിപത്യത്തിൻറെയും മിലിട്ടറിസത്തിൻറെയും രൂപമാർജ്ജിക്കുകയും ചെയ്തു. മാത്രമല്ല, മറ്റെല്ലാ സാമൂഹികചിന്തകളും പ്രസ്ഥാനങ്ങളും അപ്രധാനമായി കണക്കാക്കപ്പെട്ടതോടെ വർഗ്ഗശത്രുവെന്ന ചിന്ത ശക്തിപ്പെട്ടു. കമ്മ്യൂണിസം അതിൻറെ ലക്ഷ്യത്തിൽനിന്നു പിന്മാറിയതിനെപ്പറ്റി വിഭജനങ്ങളിൽ ആനന്ദ് പറയുന്നത് ഇപ്രകാരമാണ്. "കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൻറെ ഏറ്റവും വലിയ ദോഷവും, അതിൻറെ അപചയത്തിന് കാരണവും അതിൽ അന്തർലീനമായിരിക്കുന്ന എക്സ്ക്ലൂസീവ്നെസ് ആണെന്നുപറയാം" (ആനന്ദ് 2010:43). അത് സമൂഹത്തെ രണ്ടായി വിഭജിക്കുകയും സമന്വയത്തിൻറെ തലം അപ്രസക്തമാക്കുകയും ചെയ്യുന്നു. പരിണാമത്തിൻറെ അനേകം കോടി വർഷങ്ങൾ നീണ്ട ചരിത്രത്തെത്തന്നെ വർഗ്ഗസമരത്തിൻറെ ചരിത്രത്തിലേക്കു ചുരുക്കുകയാണിവിടെ. 'ഞങ്ങളും ഞങ്ങളല്ലാത്തവരും' എന്ന കർശനമായ തരംതിരിവിന് ഇത് കാരണമാകുന്നു. "മനുഷ്യസമൂഹത്തെ മുഴുവൻ രണ്ടായി കീറി തരംതിരിച്ചിടുന്ന വിഭജനത്തിൻറെ ഒരു ജരാസന്ധപർവ്വം അത് ദർശനത്തിലും രാഷ്ട്രീയത്തിലും തുടങ്ങിവെച്ചു" (2010:43) എന്നതാണ് ഈ വിഭജനത്തിൻറെ ചുരുക്കം. ഇങ്ങനെ മിലിട്ടറിസത്തിലേക്ക് വളരുന്ന പ്രസ്ഥാനങ്ങൾ എല്ലാം സമൂഹത്തിൻറെ സ്വാഭാവികപരിണാമത്തെ റദ്ദാക്കുന്നു. തൻറെ സ്വതന്ത്രമായ വീക്ഷണം എന്നതിനേക്കാൾ പാസ്റ്റർനാക്കിൻറെയും സിമൊൻഡിവീവിൻറെയും ദസ്തയോവ്സ്കിയുടെയും ദർശനങ്ങളെ കൂട്ടുപിടിച്ചാണ് ഈ വിഭജനനീതിശാസ്ത്രത്തെ ആനന്ദ് സമർത്ഥിക്കുന്നത്.

സംഘർഷങ്ങളുടെ ചരിത്രം എക്കാലത്തുമുണ്ടായിരുന്നുവെങ്കിലും ആ സംഘർഷത്തെ പ്രത്യയാശാസ്ത്രമാക്കി ഉയർത്തിയതാണ് കമ്മ്യൂണിസത്തിനുള്ളിൽ വിഭജനത്തിൻറെ നീതിശാസ്ത്രം സൃഷ്ടിക്കപ്പെടാൻ കാരണമായത്. അത് വ്യക്തികളെയും അപരങ്ങളെയും ഉന്മൂലനം ചെയ്യുന്നതിനുള്ള കാരണമായി എന്നാണ് ജയ്ശിഷൻ പറയുന്നത്. "തങ്ങളുടെ കൂടെയല്ലാത്തവരൊക്കെ തങ്ങൾക്കെതിര്, തങ്ങൾ തൊഴിലാളിവർഗ്ഗത്തിൻറേതാകയാൽ തങ്ങൾക്കെതിരായവർ വർഗ്ഗശത്രു, വർഗ്ഗശത്രു അപകടകാരിയും ഹനിക്കപ്പെടേണ്ടവനും. ആശയപരമായി നിലനിന്നിരുന്ന ഉന്മൂലനത്തിൻറെ ആവശ്യകത പ്രായോഗികമായി നടപ്പിലാക്കൽ വിപ്ലവത്തിനുശേഷം ഒട്ടും താമസിയാതെതന്നെ റഷ്യയിൽ തുടങ്ങി"(2010:45). ഈ വിഭജനനീതിശാസ്ത്രത്തെ എതിർക്കുന്ന ട്രോട്സ്കി, ബുദ്ധിജീവി ഗണത്തിൽപ്പെട്ട ഗോർക്കി, ജസ്റ്റിസ് ക്രിലെൻകോ, മോസ്കോ പ്രേടിയാർക്ക് തീഖോൻ, പെത്രോഗ്രാദിൻറെ മെട്രോപൊളിറ്റൻ വെനിയാമീൻ തുടങ്ങിയവരെ പീഡിപ്പിക്കുകയോ വധിക്കുകയോ ചെയ്തു. പ്രസ്ഥാനത്തിന് സംശയം ജനിക്കുന്ന വ്യക്തികൾപോലും വേട്ടയാടപ്പെട്ടു. കമ്പോഡിയായിലെ ഖൊമർറൂഷ് ഭരണത്തിൽ

ശക്തനായ നേതാവ് പോൾപോട് കമ്യൂണിസത്തെ താലിബാലിനസമാക്കിത്തീർത്തതിൻറെ വിഭജനനീതിശാസ്ത്രം ഈ നോവൽ ഓർത്തെടുക്കുന്നു.

## സംസ്കാരങ്ങളും നീതിവിഭജനവും :

നാടോടിത്തത്തിന് സമാന്തരമായി വളർച്ച പ്രാപിച്ച സംസ്കാരങ്ങൾ, പ്രാചീനഘട്ടം മുതൽ ജിപ്സികളെയും ആദിവാസി വിഭാഗങ്ങളെയും ഗോത്രങ്ങളെയും മറ്റ് സമൂഹങ്ങളെയും തങ്ങളുടെ അറിവുകൊണ്ടും പ്രത്യയശാസ്ത്രങ്ങൾകൊണ്ടും കീഴടക്കുകയോ വിഭജിച്ചു നിർത്തുകയോ ചെയ്തിട്ടുണ്ട്. ഇങ്ങനെ അമർച്ച ചെയ്യപ്പെടുകയോ ചരിത്രത്തിൽനിന്നു പുറത്താക്കപ്പെടുകയോ ചെയ്ത വിവിധ സംസ്കാരങ്ങളെക്കുറിച്ച് ജയ്ശിഷനും ആഖ്യാതാവും ചർച്ചചെയ്യുന്നു. കൃഷിയുടെയും ഇടയവൃത്തിയുടെയും പേരിൽ പാഴ്സികളിൽനിന്നും തെറ്റിപ്പിരിഞ്ഞവരാണ് ഇറാനിലെ ആദിമവർഗ്ഗങ്ങളായ ഇൻഡോ-ആര്യവംശജർ ഇടയവൃത്തി സ്വീകരിച്ചുകൊണ്ടു പുറപ്പെട്ട ആര്യവംശജർ കണ്ടുമുട്ടിയ ഇതര സംസ്കാരങ്ങളെയും അവരുടെ ഭാഷയെയും ലിപിയെയും പാരമ്പര്യങ്ങളെയും അമർച്ച ചെയ്തുകൊണ്ട് തങ്ങളുടെ സംസ്കാരത്തിന് ശ്രേഷ്ഠത സ്ഥാപിച്ചെടുത്തു. എന്നാൽ, ഒന്നാം നൂറ്റാണ്ടുമുതൽ നിരന്തരം മതങ്ങളുടെയോ മറ്റ് രാഷ്ട്രങ്ങളുടെയോ പീഡനത്തിനിരയായ അവശേഷിച്ച ഇറാനികൾ തങ്ങളുടെ സ്വത്വത്തെ നിലനിർത്താൻ പരിശ്രമിച്ചുകൊണ്ടിരുന്നു. "ഇസ്ലാമിൻറെ ഉദയത്തിനുശേഷം ഏഴാംനൂറ്റാണ്ടിൻറെ മധ്യത്തിൽ നിഹാവംദ് യുദ്ധത്തിൽ അറബികൾ ഇറാനിയൻ രാജാവിനെ തോല്പിക്കുകയും ഇറാൻ നേതാക്കളുടെ മതമായ ഇസ്ലാമിൻറെ കീഴിൽ അമരുകയും ചെയ്തപ്പോൾ സൊറോസ്ട്രിയൻമതത്തിൽ തുടർന്ന പാർശന്മാർ പീഡനത്തിനിരകളായി. മുസ്ലീമുകളാകാൻ വിസമ്മതിച്ച പാർശൻമാർ കൂട്ടത്തോടെ കപ്പലുകളിൽ കയറി ഗുജറാത്തിലെ കാഠിയാവാഡ് തീരത്തെ ഓഖ, ദ്വാരക, പോർബംദർ തുടങ്ങിയ കൊച്ചു കൊച്ചു തുറമുഖങ്ങളിലെത്തി" (2010:59-60). ഗുജറാത്തിലെ രാജാവ് ഇവർക്ക് സംരക്ഷണം നല്കി. സെറാസ്ട്രിയനിസം ഇന്ന് ലോകത്തിൽ അവശേഷിക്കുന്നത് ഈ ചെറിയപറ്റം ഗുജറാത്തി പാഴ്സികളിലൂടെയാണ്. ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ഇറാനികൾക്ക് അവരുടെ വിശ്വാസവും സ്വത്വവും ബലികഴിക്കേണ്ടിവന്നു. രാഷ്ട്രീയാധികാരവും മതതീവ്രതയും വിഭജനനീതിയിലൂടെ തകർത്തെറിഞ്ഞ നിരവധി സംസ്കാരങ്ങൾക്ക് പൂർവ്വമാതൃകയായി ഇറാനിൽ കാർഷികവൃത്തി സ്വീകരിച്ച വംശക്കാരുടെ ചരിത്രം നിലകൊള്ളുന്നു. ഇന്തോ-ആര്യൻമാർ എന്ന പേരിലറിയപ്പെട്ട നാടോടിവർഗ്ഗത്തിൽപ്പെട്ടവർ സൈന്ധ വതീരത്ത് എത്തപ്പെടുകയും അവിടെയുണ്ടായിരുന്ന സംസ്കാരത്തെ കീഴടക്കി ആധിപത്യമുറപ്പിക്കുകയും ചെയ്തു. പല വംശങ്ങളിലും ഗോത്രങ്ങളിലും പെട്ട തദ്ദേശീയരെ അപരിഷ്കൃതരോ കൊള്ളക്കാരോ ആയി കണ്ട് തങ്ങളുടെ ശ്രേഷ്ഠത നിലനിർത്താൻ ശ്രമിച്ചത് വിഭജനത്തിൻറെ നീതിശാസ്ത്രം പ്രയോജനപ്പെടുത്തികൊണ്ടുതന്നെയാണ്.

യുദ്ധങ്ങളിലൂടെയോ കലാപങ്ങളിലൂടെയോ മറ്റ് വംശങ്ങളെ കീഴടക്കി അവരുടെ സ്വത്വത്തെ നശിപ്പിക്കുന്ന ചരിത്രം ചൈനയിൽ പലഘട്ടങ്ങളിലും ആവർത്തിക്കപ്പെടുന്നുണ്ട്. ഒരു ദേശത്ത് ഉടലെടുത്തതോ മറ്റെവിടെനിന്നെങ്കിലും കുടിയേറി പാർത്തതോ ആയ ജനവിഭാഗത്തെ, പ്രബലമായിത്തീരുന്ന സംസ്കാരങ്ങൾ ചേർത്തുനിർത്താതെ വിഭജിച്ചു നിർത്തി അടിമത്തത്തിലേക്ക് ചുരുക്കുന്നത് ചരിത്രപ്രതിഭാസമാണ്. ഒരു സംസ്കാരത്തെയോ ഭരണവംശത്തെയോ കീഴടക്കുമ്പോൾ അവരെ കൊന്നൊടുക്കുകയും അവശേഷിക്കുന്നവരെ അടിമകളോ ഷണ്ഡന്മാരോ ആക്കി തീർക്കുകയും ചെയ്യുന്ന ചരിത്രമാണ് മിങ് രാജവംശത്തിൻറെ സ്ഥാപകനായ ഷൂയുവാൻ ഷാങും, മിങ് രാജവംശത്തെ പ്രശസ്തിയുടെ കൊടുമുടിയിലെത്തിച്ച ഷൂദായും ആവർത്തിക്കുന്നത്. മറ്റ് രാജവംശജങ്ങളെ നിശബ്ദമാക്കി ഷൂദായ് ചക്രവർത്തിയായപ്പോൾ അതിനെ എതിർത്ത, കൺഫ്യൂഷനിസ്റ്റുകളായ മാൻഡരിനുകളെ കൊട്ടാരഭരണത്തിൻറെ ചുമതലതയിൽനിന്നു പുറത്താക്കി. അടിമകളായ മംഗളോയിഡുകളെ ലിംഗച്ഛേദം വരുത്തി കൊട്ടാരത്തിലും അരമനകളിലും വിന്യസിപ്പിച്ചു. ചക്രവർത്തിയുടെ വിശ്വസ്തനായിരുന്ന മംഗളോഡിയൻ അടിമ ഷെങ് ഹീയുടെ നേതൃത്വത്തിലായിരുന്നു പുറം ലോകത്തെക്കുറിച്ചുള്ള അറിവുകൾ രാജാവിന് ലഭിച്ചിരുന്നത്. സ്വന്തം രാജ്യത്തെ വംശങ്ങളെ വിഭജിച്ചുനിർത്തിയപ്പോഴും പുറംലോകവുമായി തുറന്നബന്ധം ഷൂദായ് നിലനിർത്തി. എന്നാൽ ബെയ്ജിങ് കൊട്ടാരം അശനിപാതവും തീപിടുത്തവുംകൊണ്ട് തകർന്നപ്പോൾ, ഷൂദായുടെയും

**Shikshan Sanshodhan : Journal of Arts, Humanities and Social Sciences** ISSN: 2581-6241
Monthly, Peer-Reviewed, Refereed, Indexed Journal Impact Factor: 5.146
Volume - 5, Issue - 4, APRIL - 2022 Publication Date: 30/04/2022

മരണം ആസന്നമായി. എന്നാൽ ഈ സമയത്ത് ഷൂദായ് അയച്ച നാവികപ്പട കൊണ്ടുവന്ന വിജ്ഞാനത്തിൻറെ ശേഖരവും മറ്റ് അറിവുകളും സ്വീകരിക്കാൻ തുടർന്നുവന്ന അധികാരികൾ തയ്യാറായില്ല. വിദേശികളുമായുള്ള ബന്ധമാണ് ദൈവകോപത്തിനിരയായി ബെയ്ജിങിൻറെ നാശത്തിനു കാരണമായതെന്ന് അവർ വിശ്വസിച്ചു. ഷൂദായിയുടെ വംശത്തെ വളർത്തിയ അവശേഷിച്ച മംഗളോയിഡുകളെയും അവർ ഇല്ലായ്മ ചെയ്തു. രണ്ടു രാജഭരണവും പുറത്താക്കിയ മംഗളോയിഡുകൾ അനുഭവിച്ച വിഭജനത്തിൻറെ വിടവുകൾ ചരിത്രത്തിൽ പൊറുക്കുവാനാകാത്ത അപരാധമാണെന്ന് ആനന്ദ് കരുതുന്നു.

### ശാസ്ത്രത്തിൻറെ ധാർമ്മികനീതി :

ആധുനികതയെ രൂപപ്പെടുത്താനും അതിനെ കൂടുതൽ മുന്നോട്ടു നയിക്കാനും വികസിപ്പിക്കാനും കാരണമായതിൽ ശാസ്ത്രത്തിൻറെ പങ്ക് പരമപ്രധാനമാണ്. ശാസ്ത്രത്തിൻറെ അറിവിനെ പലപ്പോഴും പരിമിതമാക്കാനും നിയന്ത്രിക്കാനുമുള്ള മതത്തിൻറെ നീക്കങ്ങളെ അതീജീവിച്ചുകൊണ്ടാണ് അതു പുരോഗതി പ്രാപിച്ചത്. 'തീർച്ചയുടെ പലതരത്തിലുള്ള സ്റ്റേറ്റുമെൻറുകളുടെ ഒരു സഞ്ചയവും എന്നാൽ പൂർണ്ണമായ തീർച്ചകൾ എന്നു പറയാൻ പറ്റാത്തതുമാണ് ശാസ്ത്രം' എന്ന ഫെയിൻമാൻറെ (വിടവുകൾ എന്ന കൃഷിഭൂമി) ദർശനത്തെയാണ് ആനന്ദ് കൂട്ടു പിടിക്കുന്നത്. ശാശ്വതമായ നിഗമനങ്ങളും പരിഹാരങ്ങളുമില്ലാത്ത ശാസ്ത്രം പുരോഗമിക്കുന്നത് അതുവരെയുള്ള അറിവിനെ ഉപയോഗിച്ചും പുതുക്കി പണിതുകൊണ്ടുമാണ്. ഓരോ കണ്ടുപിടുത്തത്തിലും ഇപ്രകാരം മുന്നറിവിൻറെ തുടർച്ചയോ നിരാകരണമോ സംഭവിക്കുന്നുണ്ട്. ആധുനികഘട്ടത്തിൽ, ശാസ്ത്രം രാഷ്ട്രത്തിൻറെയോ വർഗ്ഗത്തിൻറെയോ പേരിൽ വിവേചനം നേരിടുകയോ നിയന്ത്രിക്കപ്പെടുകയോ ചെയ്തിരുന്നില്ല. എന്നാൽ ലോകമഹായുദ്ധങ്ങൾ സൃഷ്ടിച്ച ചേരികൾ ശാസ്ത്രത്തിൻറെ മുഖം മറ്റൊന്നാക്കി. ഇക്കാര്യം തുറന്നു ചർച്ചചെയ്യുകയാണ് ജസ്റ്റിഷനും ആവ്യതാവും. ആധുനികതയുടെ ഭാഗമായിരുന്ന ശാസ്ത്രം കാലക്രമത്തിൽ ആയുധനിർമ്മാണത്തിലും യുദ്ധത്തിലും ശ്രദ്ധചെലുത്താൻ തുടങ്ങിയ തോടെ ഇൻകിസിഷൻ കാലത്തെക്കാളും ഭയാനകമായ ഒരന്തരീക്ഷമാണ് സൃഷ്ടിക്കപ്പെട്ടത്. പ്രകൃതിയിൽ സ്വാഭാവികമായി സംഭവിക്കുന്ന അണുവിഭജനത്തെക്കുറിച്ചുള്ള (റേഡിയോ ആക്ടിവിറ്റി) കണ്ടുപിടിത്തം പിന്നീട് ന്യൂക്ലിയർ ഫിഷനിലേക്ക് ശാസ്ത്രത്തെ കൊണ്ടുചെന്നെത്തിച്ചു. അണുവിഭജനത്തിൻറെ അറിവിനെ ബോംബു നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തിയ നീതിശാസ്ത്രത്തെ ഈ നോവൽ തുറന്നു വിമർശിക്കുന്നു.

ശാസ്ത്രത്തിൻറെ ധാർമ്മികതയെ കൈവിടാതെ മുന്നേറിയ പല വ്യക്തിത്വങ്ങളെയും കുറിച്ച് ജസ്റ്റിഷൻ സംസാരിക്കുന്നു. ശാസ്ത്രത്തിൻറെ യുക്തിയിലും അതിൻറെ പുരോഗതിയിലും അവർ വിശ്വാസമർപ്പിച്ചു. മതത്തിൻറെയോ മറ്റ് വിശ്വാസസംഹിതകളുടെയോ പ്രത്യയശാസ്ത്രത്തിൻറെയോ പിടിയിൽനിന്ന് അകന്നുനില്ക്കുകയും ചെയ്തു. എന്നാൽ, ലോകമഹായുദ്ധങ്ങളുടെ കാലങ്ങളിൽ ശാസ്ത്രത്തിൻറെ ഇത്തരം നീതിസങ്കല്പങ്ങൾ പാലിക്കപ്പെട്ടില്ല. അവരിൽ പലരും നിശ്ശബ്ദരാക്കപ്പെടുകയും അവരുടെ കണ്ടുപിടിത്തങ്ങളുടെ ഗുണങ്ങൾ അട്ടിമറിക്കപ്പെടുകയും ചെയ്തു. ഈ കാലഘട്ടത്തിലെ ശാസ്ത്രത്തിൻറെ വിഭജനനീതിയെക്കുറിച്ചുള്ള ജസ്റ്റിഷൻറെ ചർച്ചകളിൽ യഹൂദവിദ്വേഷത്തിൻറെയും പുരുഷമേധാവിത്വത്തിൻറെയും മറ്റൊരു തലംകൂടി കടന്നുവരുന്നു.

വിയന്നാനഗരത്തിൽ ജനിച്ചുവളർന്ന മെയ്റ്റ്നർക്ക് യഹൂദസ്ത്രീയെന്ന നിലയിൽ പതിന്നാലു വയസ്സിനപ്പുറം വിദ്യാഭ്യാസസാധ്യത ഉണ്ടായിരുന്നില്ല. എന്നാൽ അതിനെയെല്ലാം അതിജീവിച്ച മെയ്റ്റ്നർ സ്വതന്ത്രചിന്തയിലൂടെയും ബുദ്ധിശക്തിയിലൂടെയും മുന്നേറി ശാസ്ത്രവിഭാഗം ഗവേഷണമേഖലയിലെത്തിച്ചേർന്നു. മെയ്റ്റനുടെ സുഹൃത്തായ ഓട്ടോ ഹാനിനോടൊന്നിച്ച് റേഡിയോ ആക്ടിവിറ്റിയിൽ ഗവേഷണം ചെയ്യാൻ പ്രസിദ്ധനായ എമിൽ ഫിഷറിൻറെ ലബോറട്ടറിയിൽ സ്ഥലം ചോദിച്ചപ്പോൾ സ്ത്രീവിരുദ്ധനായ ഫിഷർ അവർക്ക് ബെയ്സ്മെൻറിലെ കാർ പെൻററി ഷോപ്പിലാണ് ഇടം കൊടുത്തത്. പിന്നീട് ഓട്ടോഹാനുമൊന്നിച്ച് കൈസർ വില്യം ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസറായി തുടരുന്ന കാലത്താണ് ഹിറ്റ്ലർ ആസ്ട്രിയ കീഴടക്കുന്നത്. യഹൂദസ്ത്രീയായ അവർ പ്രാണരക്ഷാർത്ഥം ഹോളണ്ടിലേക്കു പോയി. അവർ പാലായനം ചെയ്യുന്നതിനുമുമ്പു നടത്തിയ പരീക്ഷണങ്ങളെ പിൻ തുടർന്നുകൊണ്ടാണ് ഹാനും സ്ട്രാസ്മാനും

അണുവിഭജനത്തിൻറെ പടിക്കലെത്തിയത്. എന്നാൽ അതിനപ്പുറം പോകാൻ അവർക്കു സാധിച്ചില്ല.

നീൽസ് ബോറിൻറെ കോപ്പെൻഹെഗൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ഫിസിസിസ്റ്റും മെയ്റ്റനറുടെ അനന്തരവനുമായ റോബർട്ട് ഫ്രിസ്ച്ചുമായി അവർ നടത്തിയ ചർച്ചയുടെയും തുടർപരീക്ഷണത്തിൻറെയും ഫലമായി ഫിഷൻറെ പരീക്ഷണം പിന്നീട് പുരോഗതി പ്രാപിച്ചു. 1939ൽ ഫ്രിസ്ച്ചും മെയ്റ്റ്നറുംകൂടി, ഹാനിൻറെയും സ്ട്രാസ്മാൻറെയും പരീക്ഷണങ്ങളിൽമേലുള്ള അവരുടെ വ്യാഖ്യാനങ്ങൾ നേച്ചർ മാസികയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ഇതിനെ തുടർന്ന് നീൽസ്ബോറിൻറെ ലാബിൽ നടന്ന ചർച്ച, അണുവിഭജനത്തിലെ ചെയിൻ റിയാക്ഷനെയും വിസ് ഫോടനസാധ്യതകളെയുംപറ്റിയുള്ള പരീക്ഷണങ്ങളിലേക്ക് നയിച്ചു. രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കെ നടന്ന നോബെൽ സമ്മാനപ്രഖ്യാപനത്തിൽ ഹാൻ സമ്മാനിതനായി. എന്നാൽ മെയ്റ്റ്നറും ഫ്രിസ്ച്ചോ സ്ട്രാറ്റ്സ്മാനോ പരിഗണിക്കപ്പെട്ടില്ല. അങ്ങനെ ശാസ്ത്രത്തിൻറെ ധാർമ്മികാധഃപതനത്തിന് ലോകം സാക്ഷിയായി. വ്യക്തിയുടെയും വർഗ്ഗത്തിൻറെയും ലിംഗത്തിൻറെയും പേരിലുള്ള അവരുടെ വിഭജനനീതിശാസ്ത്രം വിജയിച്ചു. എന്നാൽ ഹാൻ തൻറെ പരീക്ഷണത്തിൻറെ മുഴുവൻ അർഹതയും മെയ്റ്റ്നർക്കാണ് നല്കേണ്ടതെന്ന് തുറന്നുപറഞ്ഞു. മാത്രമല്ല ബോംബു നിർമ്മാണത്തിലേക്ക് ഈ പരീക്ഷണം നീളുകയും യുദ്ധത്തിൽ അതു പരീക്ഷപ്പെടുകയും ചെയ്തപ്പോൾ ഹാൻ ആത്മഹത്യചെയ്യാൻ വരെ തീരുമാനിച്ചു. എന്നാൽ, ഇംഗ്ലണ്ടിലെ ജയിലിലായിരുന്നതുകൊണ്ട് അതു സാധിച്ചില്ല. എന്നാൽ മെയ്റ്റ്നറെ കാത്തിരുന്നത് മറ്റൊരു ദുർവിധിയായിരുന്നു. ജർമ്മനിയിൽനിന്ന് ഓടിപ്പോയി ബോംബു രഹസ്യങ്ങൾ അമേരിക്കയ്ക്ക് കൈമാറിയ യഹൂദ സ്ത്രീയെന്ന് അവർ മുദ്രയടിക്കപ്പെട്ടു. യഹൂദമതത്തോട് ചെറുപ്പം മുതൽ കലഹിച്ചിട്ടുള്ള മെയ്റ്റ്നർ ജീവിതാന്ത്യംവരെ ആ വംശത്തിൻറെയും ലിംഗനീതിയുടെയും പേരിൽ പീഡിതയാകുകയായിരുന്നു.

ബോംബിൻറെ രഹസ്യം ഹാനോ സ്ട്രാസ്മാനോ ജർമ്മനിക്കു കൈമാറിയിരുന്നുവെങ്കിൽ ജർമ്മനിയുടെ ചരിത്രം മറ്റൊന്നായി തീരുമായിരുന്നു. എന്നാൽ, ഹാനും ഹെയ്സൻബെർഗും വെയ്സാക്കറും അതുപോലെ ന്യൂക്ലിയർ ഗവേഷണത്തിൽ അവരോടൊപ്പം ഏർപ്പെട്ടിരുന്ന ഗവേഷകരും ശാസ്ത്രത്തിൻറെ ധാർമ്മികതയെ മാനിക്കുകയും ഊർജ്ജത്തെക്കുറിച്ചുള്ള ഇത്തരം കണ്ടെത്തലുകൾ മനുഷ്യനന്മയ്ക്ക് ഉപകരിക്കണമെന്ന കാഴ്ചപ്പാട് പുലർത്തുകയുമാണ് ചെയ്തത്. അതേ സമയം അമേരിക്കയും അവരുടെ കൂട്ടുകക്ഷികളും ശാസ്ത്രത്തെ ദുർവിനിയോഗം ചെയ്തുകൊണ്ട് സ്വന്തം നേട്ടത്തിനുവേണ്ടി ശാസ്ത്രത്തെ കൊള്ളയടിക്കുകയായിരുന്നു. അങ്ങനെ ആധുനികതയെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച ശാസ്ത്രം അതിൻറെ ധാർമ്മികതയെ ബലികഴിക്കുകയും അധികാരത്തിനും നശീകരണത്തിനുംവേണ്ടി നിലകൊള്ളുകയും ചെയ്യുന്നതിൻറെ സംഘർഷം കൂടിയാണ് വിഭജനങ്ങളിൽ തെളിഞ്ഞുവരുന്നത്. മതത്തിൻറെയും പ്രസ്ഥാനത്തിൻറെയും വഴികളിലൂടെ സഞ്ചരിച്ച് വ്യക്തിയെ വിഭജിക്കുകയും ജനതകളെ തകർക്കുകയും ചെയ്യുന്ന നീതിശാസ്ത്രത്തിന് ശാസ്ത്രവും ഇരയായി.

ദ ഡബിൾ ഹെലിക്സ് എന്ന പേരിൽ 1968ൽ ജെയിംസ് വാട്സൻ രചിച ഗ്രന്ഥം ശാസ്ത്രലോകത്തിനുള്ളിലെ വിഭജനനീതിയുടെയും അധാർമ്മികതയുടെയും മറ്റൊരു ചിത്രം കൂടിയാണ് വരച്ചിടുന്നത്. ആണവഫിഷൻറെ കണ്ടുപിടിത്തം ആറ്റം ബോംബായി വികസിച്ചത് രാഷ്ട്രങ്ങൾ തമ്മിലുള്ള വിഭജനത്തിൻറെയും മത്സരത്തിൻറെയും ഫലമായിട്ടാണെങ്കിൽ വ്യക്തികൾ തമ്മിലുള്ള വിഭജനത്തിൻറെയും പരീക്ഷണശാലകൾ തമ്മിലുള്ള സ്പർദ്ധകളുടേയും ചരിത്രമാണ് ദ ഡബിൾ ഹെലിക്സ് എന്ന പുസ്തകവും ദ ഡാർക്ക് ലേഡി ഓഫ് ഡിഎൻഎ എന്ന പുസ്തകവും മുന്നോട്ടുവയ്ക്കുന്നത്. ദ ഡബിൾ ഹെലിക്സിൻറെ കണ്ടുപിടിത്തത്തിൽ എത്തിച്ചേരാൻ വാട്സനെ സഹായിച്ചത് യഹൂദയായ റോസ്ലിൻറിൻറെ എക്സറേ ഫോട്ടോഗ്രാഫിയെക്കുറിച്ചുള്ള പഠനങ്ങളാണ്. മെയ്റ്റനറിനെപ്പോലെ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട സമൂഹത്തിൽ ഫാസിസത്തിനും ആൻറി-സെമിറ്റിസിസത്തിനുമെതിരെ ആക്ടിവിസ്റ്റായി പൊരുതിക്കൊണ്ടാണ് അവർ ലണ്ടനിലെ കിംഗ് കോളേജിൽ ഗവേഷണത്തിനായി ചേർന്നത്. കോളേജിലെ സീനിയർ കോമൺ റൂമിൽ സ്ത്രീകൾക്കു പ്രവേശനമില്ലാതിരുന്നതിനെതിരെ അവർ പ്രതിഷേധമുയർത്തി. മോറിസ് വിൽക്കിൻസൻറെ കീഴിൽ ക്രിസ്റ്റലോഗ്രാഫി അസിസ്റ്റൻറായി പ്രവർത്തനം ആരംഭിച്ച റോസ്ലിൻറ്, ക്രിസ്റ്റലോഗ്രാഫിയെ ഒരു ഗവേഷണവിഭാഗമാക്കി ഉയർത്തി. വിൽക്കിൻസൻ അവരെ

പുറത്താക്കിയതോടെ റോസ്ലിൻറിനു തൻറെ പരീക്ഷണം ഉപേക്ഷിക്കേണ്ടിവന്നു. ക്രിസ്റ്റലോഗ്രാഫി വഴി ഡി.എൻ.എയുടെ ഘടന കണ്ടുപിടിക്കാൻ ശ്രമിച്ച അവരുടെ എക്സറേ ഫോട്ടോകളാണ് വാട്സന് ഡബിൾ ഹെലിക്സിൻറെ മോഡൽ സൃഷ്ടിക്കുന്നതിനുള്ള ആശയം പ്രദാനംചെയ്തത്. ഇവർ കണ്ടെത്തിയ സാധ്യതകളെ മുഴുവൻ ഉപയോഗിച്ച് ഡബിൾ ഹെലിക്സിൻറെ മാതൃക സൃഷ്ടിച്ചപ്പോഴും വാട്സൻ റോസ്ലിൻറിനെ തൻറെ ഗ്രന്ഥത്തിലൂടെ ഒരു സ്ത്രീയെന്ന നിലയിൽ പരിഹസിക്കുകയാണ് ചെയ്തത്.

വാട്ട് ഈസ് ലൈഫ് എന്ന ചോദ്യത്തിലൂടെ എർവിൻ ഷ്റോഡിംഗർ തുടക്കമിട്ട ചർച്ച, ബയോളജിയുടെ വിവിധ തലങ്ങളെ സ്പർശിക്കുന്നതും അന്വേഷണത്തിൻറെ പുതിയലോകം തുറന്നിടുന്നതുമായിരുന്നു; ശാസ്ത്രത്തിൻറെ ധാർമ്മികത പാലിക്കുകയും ചെയ്തിരുന്നു. അതിൽനിന്നും തുടർപഠനവും ചർച്ചയുമായി വികസിച്ച് ഡി.എൻ.എ.യുടെ ഘടന കണ്ടുപിടിച്ച മേരിലിൻറിൻറെ പഠനത്തിൽനിന്നുമാണ് വാട്സനും തൻറെ ഗവേഷണഫലത്തിൽ എത്തിച്ചേർന്നത്. എന്നാൽ ശാസ്ത്രലോകത്തിനുള്ളിൽ വിഭജനത്തിൻറെ നീതിശാസ്ത്രത്തെ സൃഷ്ടിക്കാനാണ് വാട്സനെ പ്പോലുള്ളവർ ശ്രമിച്ചത്. അങ്ങനെ ശാസ്ത്രാന്വേഷണം അതിൻറെ ധാർമ്മികത കൈവെടിഞ്ഞ് പുരുഷമേധാവിത്വത്തിനും അക്കാദമിക്ക് മേധാവിത്വത്തിനുമൊക്കെ വഴിമാറുന്നതിൻറെ, പുറംലോകം കാണാത്തൊരു ചരിത്രംകൂടി വിഭജനങ്ങളിൽ തെളിഞ്ഞുവരുന്നുണ്ട്.

## ഗ്രന്ഥസൂചി:

1. ആനന്ദ്, 2010 വിഭജനങ്ങൾ, ഡി.സി ബുക്സ്, കോട്ടയം.
2. ആനന്ദ്, 2012 ജൈവമനുഷ്യൻ, ഡി.സി ബുക്സ്, കോട്ടയം.
3. ആനന്ദ്, 1998 ചരിത്രപാഠങ്ങൾ, നിയോഗം ബുക്സ്, കൊച്ചി.
4. ആനന്ദ്, 2000 വേട്ടക്കാരനും വിരുന്നുകാരനും, ഡി.സി ബുക്സ്, കോട്ടയം.
5. ആനന്ദ്, 2013 കണ്ണാടിലോകം, കറൻറ് ബുക്സ്, തൃശ്ശൂർ
6. ആനന്ദ്, 2012 വിടവുകൾ എന്ന കൃഷിഭൂമി, ഡി.സി ബുക്സ്, കോട്ടയം.
7. ആനന്ദ്, 2018 സന്ദർഭങ്ങൾ സന്ദേഹങ്ങൾ, ഡി.സി ബുക്സ്, കോട്ടയം.
8. രാമചന്ദ്രഗുഹ, 2018 ഇൻഡ്യ ഗാന്ധിക്കുശേഷം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രത്തിൻറെ ചരിത്രം, (വിവ. പി.കെ. ശിവദാസ്), ഡി.സി ബുക്സ്, കോട്ടയം.
9. Roberts, J M., 1995 *A History of The World*, Penguin Books, London, England.
10. Romila, Thapar, 1990 *A History of India Vol. 1*, Penguin Books, London.